(ബി) ഉണ്ടെങ്കിൽ ഇപ്രകാരം സംസ്ഥാന ഗവൺമെൻറിന്റെ വിവിധ വകുപ്പുകളിലായി എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; സ്ഥിരപ്പെടുത്താത്തവർ എത്ര ?

ഉത്തരം

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലികമായി നിയമിക്കപ്പെട്ട 2-8-1984-ൽ സർവ്വീസിലുണ്ടായിരുന്ന ഹരിജന-ഗിരിജന വിഭാഗത്തിൽപ്പെട്ട എല്ലാ ജീവനക്കാരെയും (സ്പെഷ്യൽ റിക്രൂട്ടുമെൻറിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ട ഒഴിവുകളിൽ നിയമിക്കപ്പെട്ടവരൊഴികെ) സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തുവാൻ ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ഹരിജൻ-ഗിരിജൻ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നടപടി

81. [99] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85 ഹരിജന-ഗിരിജന വർഷമായി ആചരിച്ചതിനോടനുബന്ധിച്ച് 2-8-1984-ൽ ജോലി ചെയ്തിരുന്ന എല്ലാ ഹരിജൻ-ഗിരിജൻ താൽക്കാലിക ജീവനക്കാരെയും സ്ഥിരപ്പെടുത്തുന്നതുസംബന്ധിച്ചുള്ള ഉത്തരവ് പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെൻറ് നടപ്പിൽ വരുത്തുന്നില്ല എന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) അനേഷിച്ച് വേണ്ട നടപടികൾ എടുക്കുന്നതാണ്.

കാഞ്ഞിരക്കൊല്ലി പേരട ആദിവാസി കോളനികളിൽ വീടുകളുടെ പണി

82. [100] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കാഞ്ഞിരക്കൊല്ലി പേരട ആദിവാസി കോളനികളിൽ 1982-നു മുൻപ് തറമാത്രം കെട്ടിയ വീടുകളുടെ പണി പൂർത്തിയാക്കാൻ പൊതുമരാമത്തുവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവയുടെ പണി ഇനിയും പൊതുമരാമത്തുവകുപ്പ് ഏറ്റെടുത്തിട്ടില്ല. ഉടൻതന്നെ ഇവ ഏറ്റെടുത്ത് പണി പൂർത്തിയാക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വകകൊള്ളിച്ചിരുന്ന സംഖ്യ

83. [101] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly